## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6256 — 03.04.2018-ൽ മറുപടിയ്ക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ്

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ് ഈ സർക്കാർ അധികാരത്തിലേറുമ്പോൾ എത്ര തുക കുടിശ്ശിക ഉണ്ടായിരുന്നു എന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക കൊടുത്തു തീർത്തുവെന്നും വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിലേറുമ്പോൾ എസ്.സി/ ഒ.ഇ.സി/ഒ.ബി.സി വിഭാഗങ്ങളിൽ 189 കോടി രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ടായിരുന്നു. |
| (ബി) | നിലവിൽ ലംപ്സം ഗ്രാന്റ്/സ്റ്റൈപന്റ് കുടിശ്ശികയുണ്ടോ; പ്രസ്തുത തുക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) | പോസ്റ്റ് മെട്രിക് തലത്തിൽ കുടിശ്ശികയില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് ലംപ്സംഗ്രാന്റ്/സ്റ്റൈപന്റ് ഇനത്തിൽ ഈ സാമ്പത്തികവർഷം 90,15,657/-രൂപ കൂടി വിതരണം ചെയ്യാനുണ്ട്. ടി തുക ഈ വർഷം തന്നെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ